DESPATCHED
On..04/03/2020

30/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
**E-mail: sic.ker@nic.in**


## ഹർജി നമ്പർ C.P. No.1368(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.15531/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ.മദനൻ.ടി.വി
മുട്ടിച്ചരൽ
ഇരിയ പി.ഒ.,
കാസറഗോഡ്- 671 531
.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഗവ.കോളേജ്, മടപ്പള്ളി, വടകര-673 102
} എതിർകക്ഷി.

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.06.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 26.09.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 30.09.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 01.01..2020, 30.01.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,കോഴിക്കോട് |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി(30.01.20)<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.മദനൻ. ടി.വി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി നാളിതു വരെ യാതൊരു മറുപടിയും നൽകിയിട്ടില്ലെന്നാണ്

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) ഗവൺമെന്റ് കോളേജ് മടപ്പള്ളിയിൽ JS ആയിരുന്നതും ഇപ്പോൾ SS റാങ്കിൽ അതേ സ്ഥാപനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ളതുമായ അജിതേന്ദ്രകുമാർ എന്ന വ്യക്തിയുടെ പൂർണ്ണമായ പേര്, റാങ്ക് എന്നിവ നൽകണമെന്നും ടിയാൻ എത്ര വർഷമായി മേൽപ്പടി കോളേജിൽ ജോലി ചെയ്യുന്നുവെന്നും ഏതെല്ലാം റാങ്കിൽ ആയിരുന്നുവെന്നും ടിയാൻ കൈകാര്യം ചെയ്തതും ചെയ്തു കൊണ്ടിരിക്കുന്നതുമായ ഫയലുകൾ, ടിയാന് അനുവദിച്ചു കൊടുക്കപ്പെട്ട ജോലികൾ (വിവിധ റാങ്കുകളിൽ) എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നും

ii) എതിർകക്ഷി സ്ഥാപനത്തിലെ FIP substitute ആയ നിവിഷ എന്ന അധ്യാപികയ്ക്ക് ശമ്പളം എഴുതിയതിൽ ഡ്യൂട്ടി ചെയ്ത ദിവസം കുറച്ച് എഴുതാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ എന്നും കൂടാതെ ടിയാൾക്ക് നൽകിയ ശമ്പള സ്ലിപ്പിന്റെ പൂർണ്ണമായ കോപ്പി നൽകണമെന്നും ടിയാൾ ഏതു തീയതി വരെ മേൽപ്പടി സ്ഥാപനത്തിൽ ജോലി ചെയ്തുവെന്നും ഏതു തീയതി വരെ ശമ്പളം എഴുതിയെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി നൽകിയിരുന്നുവെന്നും ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും മറ്റുമാണ്.

4. ഹർജിക്കാരൻ, കമ്മീഷൻ മുമ്പാകെ 28.12.2019 തീയതി നൽകിയ കത്തിൽ പ്രസ്താവിച്ചത്, ടിയാന് ഹിയറിംഗ് സംബന്ധിച്ച നോട്ടീസ് ഹിയറിംഗിന് 7 ദിവസങ്ങൾക്കു മുമ്പായി ലഭിച്ചില്ലായെന്നും ആയതിനാൽ ടിയാന്റെ വാദം കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുന്നതിലേയ്ക്കായി മറ്റൊരു ഹിയറിംഗ് നടത്തണമെന്നുമാണ്. ആയതു പ്രകാരം ഹർജിക്കാരന് 30.01.2020 തീയതി സമയം അനുവദിച്ച് നൽകിയെ

ങ്കിലും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാവുകയുണ്ടായില്ല. ഹർജിക്കാരൻ 21.01.2020 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കത്തിൽ പ്രസ്താവിച്ചത്, കമ്മീഷൻ എതിർകക്ഷിയിൽ നിന്നും ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് ടിയാന് ലഭിച്ചിട്ടില്ലാ യെന്നും ആയത് ടിയാൻ കമ്മീഷനിൽ നിന്നും പണമടച്ച് കൈപ്പറ്റിയിട്ടുള്ളതാണെന്നും കമ്മീഷൻ C.P.No.748(6)/15/SIC പ്രകാരം നിർദ്ദേശിച്ച വിവരം ടിയാന് ലഭ്യമാക്കിയി ട്ടില്ലായെന്നും എതിർകക്ഷിക്ക് സൗകര്യ പ്രദമായ സ്ഥലത്ത് ഹിയറിംഗ് നടത്തുന്നത് നിയമ ലംഘനമാണെന്നും ഹർജിക്കാരനെ അന്യായമായി പീഡിപ്പിക്കുകയാണെന്നും ആയതിനാൽ ടിയാന്റെ ജില്ലയിൽ ഹിയറിംഗ് നടത്തണമെന്നും ഇക്കാര്യത്തിൽ കമ്മീ ഷൻ തീരുമാനം വരുന്നതുവരെ ഹിയറിംഗ് മാറ്റി വയ്ക്കണമെന്നും മറ്റുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളിച്ചു മറുപടി നൽകിയിരുന്നതായി കാണുന്നു. ആയതിനാൽ എതിർകക്ഷിയുടെ ഭാഗത്തു നിന്നും വിവരാവകാശ നിയമ പ്രകാരം യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്ന് കമ്മീ ഷൻ വിലയിരുത്തുന്നു. ഹർജിക്കാരൻ 28.12.2019 തീയതി ആവശ്യപ്പെട്ട പ്രകാരം 30.01.2020 തീയതി ഹിയറിംഗിനായി അവസരം നൽകിയെങ്കിലും ഹർജിക്കാരൻ കമ്മീ ഷൻ മുമ്പാകെ ഹിയറിംഗിൽ പങ്കെടുത്തില്ല. മേൽപ്പടി കത്തിൽ ചൂണ്ടിക്കാട്ടാത്ത വിവരമാണ് ഹർജിക്കാരൻ 21.01.2020 തീയതിയിലെ കത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ആയതിനാൽ ഹർജിക്കാരന്റെ മേൽപ്പടി ആവശ്യം വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിൽ നിന്നും ബോധ്യമാകുന്നത് ഓരോ തവണയും ഓരോ കാരണങ്ങൾ നിരത്തി ഹിയറിംഗ് നീട്ടിക്കൊണ്ടു പോകാനുള്ള ശ്രമമാണ് ഹർജിക്കാരൻ നടത്തുന്നത് എന്നാണ് . ആയത് അംഗീകരിക്കത്തക്കതല്ല. ഹർജിക്കാ രൻ വിവരം തേടുക എന്നതിലുപരി എതിർകക്ഷി സ്ഥാപനവുമായി ടിയാന്റെ വിരോധം തീർക്കുകയാണെന്നു കാണുന്നു. ഹർജിക്കാരൻ എതിർകക്ഷി സ്ഥാപന ത്തിൽ നിരവധി വിവരാവകാശ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായും ആയത് പരിശോധിച്ചതിൽ ടി അപേക്ഷകൾ പലതും വിവരാവകാശ നിയമത്തിന്റെ ദുരുപയോ ഗമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ബഹു.സുപ്രീംകോടതി സിവിൽ അപ്പീൽ നം. 6159-6162, 5924/2013,SLP(C)Nos.28817, 28801/14 തുടങ്ങിയവയിൽ പുറപ്പെടു വിച്ച വിധിയിൽ ഒരു പൊതു അധികാരസ്ഥാനത്തിന്റെ വിലപ്പെട്ട സമയം ദുരുപ യോഗം ചെയ്യുന്ന അവസ്ഥയിലേയ്ക്ക് വിവരാവകാശ അപേക്ഷകൾ എത്തിച്ചേരുന്ന സാഹചര്യം ഉണ്ടാകരുതെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. യാതൊരു പൊതു താത്പ

RIGHT TO INFORMATION

ര്യവുമില്ലാതെ വ്യക്തിപരമായ വിരോധം മനസ്സിൽ വച്ചു കൊണ്ട് വിവരാവകാശ അപേക്ഷകൾ നൽകി ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വിലപ്പെട്ട സമയം വൃഥാ ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടാകരുതെന്ന് കമ്മീഷൻ ഹർജിക്കാരനെ ഓർമ്മപ്പെടുത്തുന്നു. ഹർജിക്കാരന് മേൽപ്പടി സ്ഥാപനത്തിൽ നിന്നും ഇനിയും എന്തെങ്കിലും വിവരം ആവശ്യമാണെങ്കിൽ ബന്ധപ്പെട്ട ഫയൽ/രജിസ്റ്റർ നേരിൽ പരിശോധിച്ച് വിവരം ശേഖരിക്കുന്നതിനുള്ള അവസരം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണ്. വിവരാവകാശ നിയമത്തെ ദുരുപയോഗം ചെയ്യുന്ന തരത്തിലും, സ്വകാര്യ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി എതിർകക്ഷി സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിൽ വിഘാതം സൃഷ്ടിക്കുന്ന സാഹചര്യം ഒരിക്കലും അനുവദിക്കുന്നതല്ലായെന്ന് ഹർജിക്കാരനെ ഓർമ്മപ്പെടുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)